**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2371** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഇ. സി. ജി. ടെക്നീഷ്യൻ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഡി. എച്ച്. എസ് ന് കീഴിലുള്ള ആശുപത്രികളിൽ ഇ. സി. ജി. ടെക്നീഷ്യൻ തസ്തികയുടെ അഭാവം ചൂണ്ടികാട്ടി പുതിയ തസ്തിക സൃഷ്ടിക്കുന്നതിനു വേണ്ടി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | (എ) | ആരോഗ്യവകുപ്പിന് കീഴിൽ ഇ.സി.ജി ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കണമെന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജില്ലാ/താലൂക്ക്തല ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട ഇ.സി.ജി ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ആരോഗ്യമേഖലയിൽ 1200 പുതിയ തസ്തിക സൃഷ്ടിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നതിൽ ഇ. സി. ജി. ടെക്നീഷ്യന്റെ എത്ര തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യമേഖലയിൽ സൃഷ്ടിക്കാൻ തത്വത്തിൽ അനുമതി നൽകിയ 1200 തസ്തികകളിൽ ആദ്യഘട്ടത്തിൽ 300 തസ്തികകളാണ് വിവിധ വിഭാഗങ്ങളിലേയ്ക്ക് അനുവദിച്ചത്. ആയതിൽ ഇ.സി.ജി ടെക്നീഷ്യൻ തസ്തികകൾ ഉൾപ്പെട്ടിട്ടില്ല. |
| (സി) | ഇ.സി.ജി.ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടി സർക്കാർ ഡി .എച്ച്.എസ് . നോട് ആവശ്യപ്പെട്ട 632/21 ഹെൽത്ത് എം 1 നമ്പർ ഫയലിലെ അനുബന്ധ രേഖകൾ ഡി .എച്ച്.എസ്. ൽ നിന്നും ലഭിച്ചോ; ലഭിച്ചെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടി ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട അനുബന്ധ രേഖകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽ നിന്ന് പുനർവിന്യാസത്തിനുള്ള സാധ്യത പരിശോധിച്ച് അവശ്യം വേണ്ട മിനിമം തസ്തികകളുടെ ശിപാർശ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (ഡി) | ആർദ്രം മാനദണ്ഡം അനുസരിച്ച ഓരോ ആശുപത്രിയിലും ഉണ്ടായിരിക്കേണ്ട ഇ. സി. ജി. ടെക്നീഷ്യൻ തസ്തികയുടെ എണ്ണം എത്രയാണ്; അതിൻപ്രകാരമുള്ള തസ്തിക സൃഷ്ടിച്ചിട്ട് പി . എസ് . സി. യിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ; | (ഡി) | ആർദ്രം മാനദണ്ഡ പ്രകാരം ജില്ലാ ആശുപത്രികളിൽ 2 ഉം താലൂക്ക്തല ആശുപത്രികളിൽ 1 ഉം ഇ.സി.ജി ടെക്നീഷ്യൻ തസ്തികകൾ ഉണ്ടായിരിക്കണം. 38 തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 36 ഇ.സി.ജി ടെക്നീഷ്യൻ തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തിയിട്ടുണ്ട്. |
| (ഇ) | പൊതുജനാരോഗ്യം മുൻനിർത്തി അടിയന്തരമായി എത്ര ഇ. സി. ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് ഡി .എച്ച്.എസ് . ൽ നിന്നും സർക്കാരിലേക്ക് ആവശ്യപ്പെട്ടിട്ടുള്ളത്; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇ.സി.ജി ടെക്നീഷ്യൻമാരുടെ 56 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടുള്ളത്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽ നിന്ന് പുനർവിന്യാസത്തിനുള്ള സാധ്യത പരിശോധിച്ച് അവശ്യം വേണ്ട മിനിമം |

| | | | |
|---|---|---|---|
| | | | തസ്തികകളുടെ ശിപാർശ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2371 — 13.09.2023 ൽ മറുപടിയ്ക്ക്

## ഇ. സി. ജി. ടെക്നീഷ്യൻ തസ്തിക

| ചോദ്യം<br>ശ്രീ. സി. ആർ. മഹേഷ് | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡി. എച്ച്. എസ് ന് കീഴിലുള്ള ആശുപത്രികളിൽ ഇ. സി. ജി. ടെക്നീഷ്യൻ തസ്തികയുടെ അഭാവം ചൂണ്ടികാട്ടി പുതിയ തസ്തിക സൃഷ്ടിക്കുന്നതിനു വേണ്ടി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | (എ) | ആരോഗ്യവകുപ്പിന് കീഴിൽ ഇ.സി.ജി ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കണമെന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജില്ലാ/താലൂക്ക്തല ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട ഇ.സി.ജി ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ആരോഗ്യമേഖലയിൽ 1200 പുതിയ തസ്തിക സൃഷ്ടിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നതിൽ ഇ. സി. ജി. ടെക്നീഷ്യന്റെ എത്ര തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യമേഖലയിൽ സൃഷ്ടിക്കാൻ തത്വത്തിൽ അനുമതി നൽകിയ 1200 തസ്തികകളിൽ ആദ്യഘട്ടത്തിൽ 300 തസ്തികകളാണ് വിവിധ വിഭാഗങ്ങളിലേയ്ക്ക് അനുവദിച്ചത്. ആയതിൽ ഇ.സി.ജി ടെക്നീഷ്യൻ തസ്തികകൾ ഉൾപ്പെട്ടിട്ടില്ല. |
| (സി) | ഇ.സി.ജി.ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടി സർക്കാർ ഡി.എച്ച്.എസ് . നോട് ആവശ്യപ്പെട്ട 632/21 ഹെൽത്ത് എം 1 നമ്പർ ഫയലിലെ അനുബന്ധ രേഖകൾ ഡി .എച്ച്.എസ്. ൽ നിന്നും ലഭിച്ചോ; ലഭിച്ചെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടി ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട അനുബന്ധ രേഖകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽ നിന്ന് പുനർ വിന്യാസത്തിനുള്ള സാധ്യത പരിശോധിച്ച് അവശ്യം വേണ്ട മിനിമം തസ്തികകളുടെ ശിപാർശ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (ഡി) | ആർദ്രം മാനദണ്ഡം അനുസരിച്ച് ഓരോ ആശുപത്രിയിലും ഉണ്ടായിരിക്കേണ്ട ഇ. സി. ജി. ടെക്നീഷ്യൻ തസ്തികയുടെ എണ്ണം എത്രയാണ്; അതിൻപ്രകാരമുള്ള തസ്തിക സൃഷ്ടിച്ചിട്ട് പി . എസ് . സി. യിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ; | (ഡി) | ആർദ്രം മാനദണ്ഡ പ്രകാരം ജില്ലാ ആശുപത്രികളിൽ 2 ഉം താലൂക്ക്തല ആശുപത്രികളിൽ 1 ഉം ഇ.സി.ജി ടെക്നീഷ്യൻ തസ്തികകൾ ഉണ്ടായിരിക്കണം. 38 തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 36 ഇ.സി.ജി ടെക്നീഷ്യൻ തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തിയിട്ടുണ്ട്. |
| (ഇ) | പൊതുജനാരോഗ്യം മുൻനിർത്തി അടിയന്തരമായി എത്ര ഇ. സി. ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് ഡി .എച്ച്.എസ് . ൽ നിന്നും സർക്കാരിലേക്ക് ആവശ്യപ്പെട്ടിട്ടുള്ളത്; അതിന്മേൽ | (ഇ) | ഇ.സി.ജി ടെക്നീഷ്യൻമാരുടെ 56 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടുള്ളത്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽ നിന്ന് പുനർ വിന്യാസത്തിനുള്ള സാധ്യത പരിശോധിച്ച് |

| | | | |
|---|---|---|---|
| | എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | | അവശ്യം വേണ്ട മിനിമം തസ്തികകളുടെ ശിപാർശ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |

Hari

സെക്ഷൻ ഓഫീസർ